സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബ്ബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന ശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണം വരും വർഷങ്ങളിൽ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ദുർബല/പീഡിത സഹകരണ സംഘങ്ങൾക്കായി എൻ.സി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരം കൂടുതൽ സഹകരണ സംഘങ്ങളെ വരും വർഷങ്ങളിൽ സഹായിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) നവരത്നം ലോട്ടറി ഫണ്ടിലൂടെ സഹകരണ വകുപ്പ് സ്വരൂപിച്ച് 15,27,62,000 രൂപയിൽ 14,56,00,000 രൂപ ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന വിവിധ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 119.88 ലക്ഷം രൂപയും ദുർബ്ബലവും എന്നാൽ ശക്തിയാർജിക്കാൻ സാധ്യതയുള്ളതുമായ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം 42.48 ലക്ഷം രൂപയും പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ എൻ.സി.ഡി.സി.-യിൽ നിന്നും 55.76 കോടി രൂപ കൂടി 51 കാലയളവിൽ ലഭിച്ചിട്ടുണ്ട്.

സഹകരണമേഖലയ്ക്ക് ലഭ്യമാക്കിയിട്ടുള്ള എൻ.സി.ഡി.സി. വായ്പകൾ

3 (966) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് എത്ര കോടി രൂപയുടെ എൻ.സി.ഡി.സി. വായ്പകൾ ലഭ്യമാക്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനസഹകരണ മേഖലക്ക് വായ്പ അനുവദിക്കുന്നതിന് എൻ.സി.ഡി.സി. പുതിയതായി എന്തൊക്കെ വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) എൻ.സി.ഡി.സി. വായ്പകൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായമായി സബ്സിഡി ഇനത്തിൽ 42.47 ലക്ഷം രൂപയും ഓഹരിയിനത്തിൽ 2319.09 ലക്ഷം രൂപയും വായ്പയിനത്തിൽ 300.95 ലക്ഷം രൂപയും ഉൾപ്പെടെ 2662.51 ലക്ഷം രൂപ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വായ്പ അനുവദിക്കുന്നതിൽ എൻ.സി.ഡി.സി. പുതുതായി വ്യവസ്ഥകൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

(സി) എൻ.സി.ഡി.സി-യിലേക്ക് സമർപ്പിക്കുന്ന 40 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകളുടെ തിരിച്ചടവ് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പരിശോധിച്ച് ഫിസിബിലിറ്റി ഉറപ്പ് വരുത്തുന്നതിനായി എൻ.സി.ഡി.സി. തലത്തിൽ രൂപീകരിച്ചിട്ടുള്ള റിജിയണൽ സ്ക്രീനിംഗ് കമ്മിറ്റിയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള ഒരു ജോയിന്റ് രജിസ്ട്രാറെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണമേഖലയുടെ സമഗ്രവികസനത്തിനുള്ള വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്

4 (867) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയുടെ സമഗ്രവികസനത്തിന് വിഭാവനം ചെയ്തു കൊണ്ടുള്ള വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നൽകിയിരുന്ന ആവശ്യങ്ങളിൽ ഇതുവരെ എന്തു നടപടികൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇനിയും ഈ റിപ്പോർട്ട് നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ ഏതൊക്കെ കാര്യങ്ങളിലാണ് തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) സഹകരണബാങ്കുകളുടെ സഞ്ചിതനഷ്ടം നിർമ്മാർജ്ജനം ചെയ്യുക, മൂലധന പര്യാപ്തത വർദ്ധിപ്പിക്കുക എന്നിവയ്ക്കായി എന്തൊക്കെ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാനസർക്കാരിന് എതിർപ്പുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly